ഇൻഡ്യൻ നിർമ്മിത വിദേശമദ്യ നിർമ്മാണവും വിപണനവും

34 (2482) ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. കെ. പി. മോഹനൻ :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. സി. ഷൺമുഖദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യൻ നിർമ്മിത വിദേശമദ്യം ഉണ്ടാക്കുന്ന എത്ര ഡിസ്റ്റിലറികൾ ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) എല്ലാ ഡിസ്റ്റിലറികളിലുമായി ഒരു വർഷത്തിൽ എത്ര ഇൻഡ്യൻ നിർമ്മിത വിദേശമദ്യം ഉല്പാദിപ്പിക്കുന്നുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(സി) സംസ്ഥാനത്തെ ആഭ്യന്തര വിപണിയിൽ ഇതിൽ എത്ര ശതമാനം വിറ്റഴിച്ചു വരുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഈ ഡിസ്റ്റിലറികളിൽ ഉല്പാദിക്കുന്ന പ്രധാന ബ്രാന്റ് നെയിമിലുള്ള വിദേശമദ്യം ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ ഇൻഡ്യൻ നിർമ്മിത വിദേശമദ്യം ഉണ്ടാക്കുന്ന 7 ഡിസ്റ്റിലറികളും 8 ബ്ലന്റിംഗ് യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) ഒരു വർഷം 7,56,64,126.72 ബൾക്ക് ലിറ്റർ മദ്യം ഉണ്ടാക്കുന്നതായാണ് കണക്കാക്കിയിട്ടുള്ളത്.

(സി) മൊത്തം ഉല്പാദനത്തിന്റെ 97 ശതമാനം ആഭ്യന്തര വിപണിയിൽ വിറ്റഴിക്കുന്നു.

(ഡി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

സർക്കാർ ധാരണ ഉണ്ടാക്കിയിട്ടുള്ള മദ്യ കമ്പനികൾ

35 (2483) ശ്രീ. എം. വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം മദ്യകമ്പനികളുമായി സർക്കാർ ധാരണ ഉണ്ടാക്കിയിട്ടുണ്ട് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബീവറേജസ് കോർപ്പറേഷൻ വാങ്ങുന്ന മദ്യത്തിന്റെ അളവിൽ വർദ്ധനവുണ്ടായിട്ടുണ്ടോ ;

(സി) എങ്കിൽ മുൻ വർഷത്തെക്കാൾ എത്ര വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പടിപടിയായി മദ്യ നിരോധനം ഏർപ്പെടുത്തുമെന്ന് യു.ഡി.എഫ്. മാനിഫെസ്റ്റോയ്ക്ക് അനുസൃതമായാണോ സർക്കാരിന്റെ മദ്യനയവും മദ്യരംഗത്തെ നടപടികളും രൂപപ്പെടുത്തിയിട്ടുള്ളത് ?

ഉത്തരം

(എ) 2003-04 വർഷത്തേയ്ക്ക് ബീവറേജസ് കോർപ്പറേഷൻ വഴി 70 മദ്യ വിതരണക്കാരുമായി കരാറുണ്ടാക്കിയിട്ടുണ്ട് അവരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്.

(സി) 2001-02 വർഷത്തെ അപേക്ഷിച്ച് 2002-03 10.16 ലക്ഷം കെയ്സ് മദ്യം കൂടുതലായി വാങ്ങിയിട്ടുണ്ട്.

(ഡി) ഘട്ടംഘട്ടമായി മദ്യ നിരോധനം നടപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് മദ്യനയവും മറ്റ് നടപടികളും രൂപപ്പെടുത്തിയിട്ടുള്ളത്.

സംസ്ഥാനത്തെ എക്സൈസ് റേഞ്ചുകൾ

36 (2484) ശ്രീ. മഞ്ഞാളംകുഴി അലി : താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ആകെ എത്ര എക്സൈസ് റെയിഞ്ചുകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

സംസ്ഥാനത്ത് ആകെ 123 എക്സൈസ് റെയിഞ്ച് ആഫീസുകൾ ഉണ്ട്. 2-6-2003-ലെ സ.ഉ. (സാ) 370/03/നി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തിരൂർ എക്സൈസ് റെയിഞ്ച് തിരൂർ, കുറ്റിപ്പുറം എക്സൈസ് റെയിഞ്ചുകളായി വിഭജിച്ചിട്ടുണ്ട്. വിഭജന പ്രവർത്തനങ്ങൾ പൂർത്തിയാകുമ്പോൾ ആകെ എക്സൈസ് റെയിഞ്ച് ആഫീസുകൾ 124 ആകുന്നതാണ്.

എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ എടുത്ത കേസ്സുകൾ

37 (2485) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ കൈക്കൂലി വാങ്ങിയതിന്റെ പേരിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കേസെടുത്തിട്ടുണ്ട് ; എത്ര രൂപ വീതമാണ് കൈക്കൂലി വാങ്ങിയത് ;

(ബി) ഇതിൽ എത്ര ഉദ്യോഗസ്ഥന്മാരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു ; നിലവിൽ എത്ര ഉദ്യോഗസ്ഥന്മാർ സസ്പെൻഷനിൽ കഴിയുന്നുണ്ട് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly